‘ബിംബിസാരന്റെ ഇടയൻ’
**പി. നാരായണക്കുറുപ്പ്**

1

**‘ബിംബിസാരന്റെ ഇടയൻ’**
പി. നാരായണക്കുറുപ്പ്

‘ബിംബിസാരന്റെ ഇടയ’നിലെ പ്രതിപാദ്യവിഷയം അഹിംസയാണ്. ഹിംസയിൽനിന്നും അന്ധാനുഷ്ഠാനങ്ങളിൽനിന്നും മനുഷ്യനെ നിവർത്തിപ്പിച്ച ബുദ്ധനോടു തോന്നുന്ന ആദരമാണ് നമ്മിൽ അവശേഷിക്കുന്നത്. ആടുകളെ ബലിക്കു കൊണ്ടുപോകുന്നതു വഴിയിൽവച്ചു ബുദ്ധഭഗവാൻ കണ്ടു. ബിംബിസാരന്റെ യാഗശാലയിലേക്ക് ആടുകൾ നയിക്കപ്പെട്ടു. വഴിയിൽ വീണുപോയ പാവം ആട്ടിൻകുട്ടിയെ തോളത്തിട്ടു ബുദ്ധനും അവിടെത്തന്നെയെത്തി, ബിംബിസാരന്നു മനസ്സിലാക്കിക്കൊടുത്തു, ഇത്തരം യാഗം ക്രൂരമാണെന്നും നിരർത്ഥകമാണെന്നും. ആടുകൾ തിരിച്ചയക്കപ്പെട്ടു. ആ നാട്ടിൽ മൃഗബലി അവസാനിച്ചു.

ഈ കവിത സാധാരണഗതിയിൽ നെടുനീളത്തിലങ്ങു പറഞ്ഞുപോകാം. ‘വള്ളത്തോൾ-ടെക്നിക്’ സ്വീകരിച്ചാൽ അവസാനരംഗത്തെ ‘ഡയലോഗിൽ’ തുടങ്ങി പിന്നെ ഫ്ളാഷ്ബാക്കിൽ ചരിത്രം പറയാം; ഒരു ബുദ്ധസ്തുതിയിൽ അവസാനിപ്പിക്കുകയുമാവാം. അല്ലെങ്കിൽ ഒന്നുകൂടി പുതിയതും, ജി. ചില കവിതകളിൽ പ്രയോഗിച്ചതുമായ സ്വഗതാഖ്യാനരീതിയിൽ, മനഃപരിവർത്തനം വരുന്ന രാജാവിന്റെ മനസ്സിലൂടെ എഴുതി ഫലിപ്പിക്കാം. ഇതൊക്കെയാണ് നമുക്കു പരിചിതങ്ങളായ രീതികൾ. ഏതായാലും രാജസന്നിധിയിലേക്ക് ആടിനെ മേയ്ച്ചുകൊണ്ടുപോകുന്ന ആട്ടിടയന്റെ വിചാരവും കമന്റടിയും ഒക്കെയാക്കി ഇത്തരം ഉദാത്ത ഗംഭീരമായ ‘തീം’ അവതരിപ്പിക്കാമെന്നു വിചാരിക്കുക അത്ര സ്വാഭാവികമോ സാധാരണമോ അല്ല. അത്തരം പണി ഒട്ടും എളുപ്പവുമല്ല. ഈ ആട്ടിടയൻ എന്ന കഥാപാത്രം ബുദ്ധനെപ്പറ്റിയുള്ള കഥകളിലെങ്ങും തന്നെയില്ല. ബ്രൗണിങ്ങിന്റെ സ്വാഗതാഖ്യാനരീതി പരിചയമുണ്ടെങ്കിൽപ്പോലും, വേലക്കാരൻ എന്നു കരുതേണ്ടുന്ന ഒരാളിന്റെ സ്വഗതാഖ്യാനത്തിലൂടെ ബുദ്ധദർശനം സാധിച്ചുകളയാം എന്ന ധൈര്യം ഇടശ്ശേരിക്കേ തോന്നൂ. പ്രധാന തീരുമാനം നടക്കുന്ന വേദിയിലേക്ക് ഒന്നെത്തിനോക്കി ഇടയൻ. വലംപിരിപ്പുകച്ചുരുൾ പോലെ മംഗളസൂചകമായ ദൃശ്യം - വെള്ളാടുകൾ പിരിഞ്ഞുപോകുന്നത് അവൻ കണ്ടു. ബലി കൊടുക്കാൻ വേണ്ടി ബിംബിസാര രാജാവിന്റെ യജ്ഞശാലയിലേക്ക് അവൻ നയിച്ചെത്തിച്ച ആടുകൾ. കൊല വിലക്കി എന്ന് രാജാജ്ഞയുണ്ടായതായി അവൻ അറിഞ്ഞു. കൊടുക്കാൻ സാധിക്കാത്തത് എടുക്കാൻ ആർക്കും അവകാശമില്ല എന്ന് മുനി രാജാവിനെ ഉപദേശിച്ചു എന്നും. തന്റെ പറ്റത്തിലെ പാവം മുടന്തൻ കുഞ്ഞാടിനെ തോളിലെടുത്തുകൊണ്ടുവന്നത് ഈ മുനിയാണ്. കുഞ്ഞാടിനോടുള്ള അനുഭാവത്തിന്റെ കാര്യത്തിൽ ഇടയനും പിന്നിലല്ല. അതുകൊണ്ടാണല്ലോ മുനിയുടെ മഹത്വം അവൻ വാസനാബലത്താൽ തിരിച്ചറിഞ്ഞത്:

‘മുനേ ഭവാനീ ലോകം മുഴുവൻ
തോളിലെടുക്കാൻ കെൽപുടയോൻ’.

ആട്ടിടയന്റെ നൈസർഗികവും അകലുഷവുമായ മനസ്സിൽ തെളിയുന്നപോലെയൊരു സ്വാഭാവിക ജീവിതദർശനത്തിന് സത്യസന്ധത കൂടും എന്ന ഇടശ്ശേരിക്കറിയാം. ദാർശനിക മേഖലയിലേക്ക് കയറിപ്പോവാതെ സത്യത്തെ മണ്ണിലേക്ക് ആവാഹിക്കാൻ സാധിക്കുമെന്നും. ബിംബിസാരന്റെയോ, ബുദ്ധന്റെയോ വിചാരപ്പദമാക്കിയാൽ ഇതു സാധിക്കയില്ല. എന്നു പറഞ്ഞാൽ അതിന്റെയർത്ഥം, പാക്കനാരുടെ കാഴ്ചപ്പാടും വാസനാജന്യമായ തത്ത്വാവബോധവും ഇക്കവിയ്ക്കുണ്ട് എന്നാണ്. കോമിക് ഇല്ലെങ്കിലും ചിലപ്പോൾ ഹാസ്യമാവാൻ വിരോധമില്ല. ബിംബിസാരന്റെ ഇടയനെത്തന്നെ നോക്കുക:

“അലയാതകലാതകറാതേ
ഇലയോ പുല്ലോ തിന്നാതേ
യാഗശാലയിലേക്കു നടക്കുവി -
നാഗസ്വികളാമാടുകളേ!”

അസ്തമയസൂര്യനെ ഇടയൻ കാണുന്നത് (അതേപ്പറ്റി ആടുകളോടു പറയുന്നത്) ഇങ്ങനെയാണ്:

**‘ബിംബിസാരന്റെ ഇടയൻ’**
**പി. നാരായണക്കുറുപ്പ്**

2

“തുലഞ്ഞുതൂങ്ങീ, കാൺമീലേ,യി-
ച്ചരൽപ്പരപ്പിൻ പാർശ്വത്തിൽ
നിങ്ങൾക്കുള്ള ബലിക്കല്ലിൻപടി
ചെമ്മുകിലിഴുകിയ പകലോനെ”

ആടുകളെ ശകാരിക്കുന്നതോ? അതിലും അഗാധത്തിലുള്ള ഒരനുകമ്പയുടെ സ്ഫുരണമുണ്ട്.

“പരത്രയാത്രാ പാഥേയംപോൽ
കറുകപ്പുൽത്തല കാരാതേ
ഓടിയെത്തീട്ടിഷ്ടി മുടിക്കുവി -
നെനിക്കു തുലയണമൊരുമുക്കിൽ.
തള്ളയാടിനു സംഭ്രമമയ്യോ
താനേതുടലിനു തുണനിൽക്കും?
അതോടുമങ്ങോട്ടതോടുമിങ്ങോ -
ട്ടാ പീനസ്തനമകിടുലയെ.”

ആ നിറഞ്ഞ മാതൃത്വത്തിന്റെ ചിത്രം ഇടയനെ ആകർഷിക്കാതിരിക്കുമോ?

“അമ്മമാരുടെ മുഗ്ദ്ധതകൾക്കി -
ങ്ങവസതിയുണ്ടോ ഭുവനത്തിൽ?
തന്നെത്തന്നെത്തീറ്റ കൊടുത്തിവർ
പോറ്റിയെടുപ്പീലാരാരെ!”

സന്ദർഭവശാൽ ഇടയന്റെ ജീവിതകഥയിലെ കരുണാർദ്രമായ രംഗം ഇവിടെ നമ്മെ മഥിക്കുന്നു. കുട്ടിക്കാലത്തുതന്നെ അവനെ അവന്റെയമ്മ രാജസേവക്കു വിട്ടുകൊടുത്തു. നന്നായി വളരട്ടെ എന്ന ആഗ്രഹംകൊണ്ട്. ആ തള്ളക്ക് രാജാവിന്റെ പ്രതിഫലം ലഭിച്ചു. ആ ‘വിൽക്കാശ്’ അവർ അവന്റെ വസ്ത്രത്തിന്റെ കോന്തലക്കുതന്നെ ഉടക്കിക്കെട്ടിക്കൊടുത്തു. മിഴിനീരോടെ യാത്രപറഞ്ഞു (കവിയുടെ മൗനത്തിൽ നിന്നാണ് ദൃശ്യം നമ്മുടെയുള്ളിൽ പതിയുന്നത്). അടുത്ത ശൈത്യം വന്നു. സ്ഥലം ഉത്തരേന്ത്യയാണെന്നോർക്കുക. അവധിവാങ്ങി അമ്മയെ കാണാൻ പോകുമ്പോൾ അമ്മക്കു കൊടുപ്പാൻ ഒരു കമ്പിളി വാങ്ങിയിരുന്നു. എന്നാൽ - ആ കമ്പിളിക്ക് ചരമാവരണമാവാൻ പോലും കഴിഞ്ഞില്ല!

‘ഒരട്ടി മണ്ണു പുതച്ചു കിടപ്പു ...
... വീടാക്കടമേ മമ ജന്മം!’

വാക്കുകൾ നിശ്വാസം മാത്രമായി ഇവിടെ ഒതുങ്ങുന്നു. മനോവികാരത്തിന്റെ വൻചുഴികൾ സൃഷ്ടിക്കുന്നു.

ഈ പശ്ചാത്തലമുള്ളതുകൊണ്ട് ‘ഏതു കുഞ്ഞിനു തുണ നില്ക്കും’ എന്ന സംഭ്രമത്തോടെ “ആ പീനസ്തനം അകിടുലയെ” അങ്ങോട്ടുമിങ്ങോട്ടും ഉഴറിയ തള്ളയാടിനെ അവനു മനസ്സിലാക്കാൻ കഴിഞ്ഞു. ഒപ്പം മുനിയുടെ മഹത്വത്തെയും.

“ധ്യാനമഗ്നൻ, പൗരന്മാർ തൊഴു -
താനമിപ്പോരിദ്ദേഹം
മാദൃശരെങ്ങനെയറിയുന്നൂ ഹാ
മാമുനിമാരുടെ മനോഗതം!”

എന്നാൽ ഇടശ്ശേരിക്ക് തന്റെ കഥാപാത്രത്തെ ആദർശപൂർണനാക്കാൻ ഭാവമില്ല. അപ്പോൾ പരുക്കൻ ജിവിതത്തിൽ നിന്ന് അകന്നാലോ? വൈകാരിക താരള്യമുണ്ടാക്കി കയ്യടി വാങ്ങണമെന്നുമില്ല. അതിനുപോയാൽ നമ്മുടെ അനുഭാവം നേർത്തുപോയാലോ? അപ്പോൾ, അക്കാലത്തെ രീതിക്ക് മാംസഭുക്കായ ഒരു ഗ്രാമീണൻ തന്നെ ഇടയനും. ബുദ്ധമുനിമാരും അന്ന് മാംസം ഭുജിച്ചിരുന്നു എന്നതും കവി മറച്ചുവയ്ക്കുന്നില്ല.

നമ്മെച്ചൊല്ലി മഹർഷേ താങ്കൾ -
ക്കാശങ്കക്കില്ലവകാശം
ഇപ്പറ്റങ്ങടെ ഒറ്റക്കൊറുവും
നമുക്കു കിട്ടാൻ വിധിയില്ല

അവതരണ രീതിപോലെതന്നെ മൗലികത, സമ്പന്നവും ശില്പസൗഭാഗ്യം തികഞ്ഞതും ആകുന്നു ഈ കവിതയുടെ വൃത്തഘടന. കവിതാ വിദ്യാർത്ഥികൾ, നാടകകൃത്തുക്കൾ, ഒക്കെ അനുഭവിച്ചറിയേണ്ടുന്ന ഒരു രചനാ രഹസ്യം അതിലുള്ളത്

**‘ബിംബിസാരന്റെ ഇടയൻ’**
**പി. നാരായണക്കുറുപ്പ്**

3

ഇങ്ങനെ ചുരുക്കിപ്പറയാം. വൃത്തം ആശയങ്ങളെ തറച്ചുനിർത്തിക്കാൻ അങ്ങിങ്ങ് ഉപകരിക്കുന്ന കുറ്റികൾ മാത്രമാണ് (ഇത് എൻ.വി.യാണു പറഞ്ഞത്). താളം പ്രധാനമാണ് - അത് ഭാവാനുരോധമായി ഇടക്കുമുറിഞ്ഞ് ശൂന്യവേളയുണ്ടാക്കും. ഇടയന്റെ (ഗ്രാമീണന്റെ) വാക്കുകൾ എല്ലാം ഗ്രാമീണമോ തദ്ദേശീയമോ ആവണമെന്നില്ല. ആക്കാൻ പറ്റില്ലതാനും. എന്നാൽ ഗ്രാമീണന്റെ മുദ്രപതിഞ്ഞ പ്രയോഗങ്ങളും വാക്യഘടനകളും ഇടയ്ക്കിടെ ഉണ്ടാവണം - അത്രേ വേണ്ടൂ. പദാവലി മിക്കതും സംസ്കൃതമയമായ നമ്മുടെ കാവ്യഭാഷയിലേതു തന്നെയാവാം. കവിതയുടെ സൗന്ദര്യമേഖല സൃഷ്ടിക്കാൻ അത് ആവശ്യമാണുതാനും. വൃത്തം, താളം, ശൈലി ഇവ ആ മട്ടിൽ ഒത്തുപോകുന്ന രചനക്ക് ഇടശ്ശേരിക്കുമുമ്പ് മലയാളത്തിലുണ്ടായത് കുഞ്ചൻ നമ്പ്യാരിലും, ഉണ്ണായിവാരിയരിലും ആണ്. ഉണ്ണായിയും സൃഷ്ടിച്ചല്ലോ ഒരു നാടൻ കഥാപാത്രത്തെ; കാട്ടാളനെ. അയാളുടെ

‘ആരവമെന്തിതറിയുന്നഹോ ഇഹ’

എന്നു തുടങ്ങുന്ന വിചാരപദവും ‘അപുത്രമിത്രാകാന്താരം’ എന്നു തുടങ്ങുന്ന സംഭാഷണ പദവും ശ്രദ്ധിക്കുക. ഇടശ്ശേരി ആ വൃത്തം (നിരണം വൃത്തത്തിന്റെ ലഘുരൂപം) തന്നെയാണ് എടുത്തത്. ‘വീണാളേ, കേണാളേ, നീണാളേ, ആണാളേ’ തുടങ്ങിയ ക്രിയാരൂപങ്ങളും വിശേഷണ രൂപങ്ങളും ഒക്കെയാണ്. അവ കലർന്നു വരുന്നു. ഒരു കാട്ടാളന്റെ സ്വന്തം വ്യാകരണം! ‘വാതിച്ചോർ’ തുടങ്ങിയ വാക്കുകളും പ്രാകൃതം. ഇത്രയുംകൊണ്ട് കഥാപാത്രമുദ്ര പതിഞ്ഞു. ബാക്കി ‘അപുത്രമിത്രാകാന്താരം’ മാതിരിയുള്ള സംസ്കൃതപദം ആകാം. ഇടശ്ശേരിയുടെ ഇടയനും ‘കൊറു’, ‘തുലയണം’, ‘ഹൊയ് ഹൊയ്’, ‘കാരാതെ’ തുടങ്ങി ഏതാനും പ്രാകൃതപദങ്ങൾകൊണ്ട് അവന്റെ മുദ്ര നേടുന്നു. ബാക്കി ‘ധ്യാനമഗ്നൻ’, ‘മാദൃശർ’ തുടങ്ങി സംസ്കൃത ബഹുലതതന്നെ. വൃത്തത്തിലും ശൈലിയിലും നാടകീയതവരുത്തലിലും ഒക്കെ ഉണ്ണായിവാരിയരെത്തന്നെ അറിഞ്ഞോ അറിയാതെയോ ഇടശ്ശേരി സമുചിതമായി, വിജയകരമായി, പിന്തുടർന്നിരിക്കുന്നു. വൃത്തത്തിന്റെ പതിവുതെറ്റിയുള്ള താളം അതിൽത്തന്നെയുണ്ടാകുന്ന വക്രത എന്നീ കാരണങ്ങളാൽത്തന്നെ “മധുരശൈലി” അല്ലാതായിത്തീർന്നു ഇടശ്ശേരി. “ഉദാത്തശൈലിയാണ്” പൊതുവെ പറഞ്ഞാൽ. നാടൻ വാക്കുകളും സമസ്തപദങ്ങളും പ്രചാരംകുറഞ്ഞ പ്രയോഗങ്ങളും കൂടിയാവുമ്പോൾ, ഈ ഉദാത്തതക്ക് പ്രസാദഗുണം കൂടി നഷ്ടപ്പെടാറുണ്ട്. പക്ഷേ ഇതിനകം, മുമ്പു സൂചിപ്പിച്ചപോലെ പല മെച്ചവും (പ്രധാനമായി ഓജസ്സ് എന്ന ഗുണം) ഉണ്ടായിക്കഴിഞ്ഞിട്ടാണ് ഈ ചെറിയ നഷ്ടങ്ങൾ സംഭവിക്കുന്നത്. കവിത്വത്തിന് ഇതു സ്വാഭാവികമാണ് - മധുരശൈലി പോയതിലെ മാധുര്യം; പ്രസാദഗുണം പോയതിലെ പ്രസാദം - എന്നീ അത്ഭുതങ്ങൾ! അവയ്ക്കൊരു മാതൃക കൂടിയാണ് ‘ബിംബിസാരന്റെ ഇടയൻ’